**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5679** **24-03-2025 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാറിന്റെ കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ? | (എ) | 1) പയ്യന്നൂർ മണ്ഡലത്തിൽ രാമന്തളി പഞ്ചായത്തിലെ മൊട്ടക്കുന്ന് എന്ന സ്ഥലത്ത് പുതിയ റേഷൻ കട ആരംഭിച്ചിട്ടുണ്ട് (2383120)<br><br>2) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ 5118 മുൻഗണനാ റേഷൻ കാർഡുകളും (പിഎച്ച്എച്ച്) 624 എ.എ.വൈ കാർഡുകളും അനുവദിച്ചിട്ടുണ്ട്.<br><br>3) റേഷൻ കടയിൽ പോയി റേഷൻ വാങ്ങാൻ പറ്റാത്ത അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് റേഷൻ വിഹിതം അവരുടെ വീടുകളിൽ സൗജന്യമായി എത്തിക്കുന്ന "ഒപ്പം" പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ നിലവിൽ 3 റേഷൻ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്നുണ്ട്.<br><br>4) പൊതുവിതരണ വകുപ്പിന്റെ നൂതന സംരംഭമായ കെ.സ്റ്റോർ 11 റേഷൻ കടകളിൽ ആരംഭിച്ചിട്ടുണ്ട്. മലയോര മേഖലയിലുള്ള ജനങ്ങൾക്ക് കൈയ്യെത്തും ദൂരത്ത് ഒരു കുടക്കീഴിൽ ഡിജിറ്റൽ സേവനം ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണിത്.<br><br>5) പയ്യന്നൂർ മണ്ഡലത്തിൽ എരമം പുല്ലുപാറ എന്ന സ്ഥലത്ത് പുതുതായി ആരംഭിക്കുന്ന എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണ പ്രവർത്തികൾക്കായി 5.88 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി ഗോഡൗണിന്റെ നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ച തുക പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ